## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2344** **07.02.2019-ൽ മറുപടിക്ക്**

**ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം വ്യാപക നികുതി വെട്ടിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം വ്യാപക നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിലൂടെ സംസ്ഥാനത്തിന് എന്ത് നഷ്ടം വന്നുവെന്നാണ് കണക്കാക്കുന്നത്; | (ബി) | കൃത്യമായ നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് കൂടുതൽ പ്രയോജനകരമാകുമെന്ന് കരുതിയ നികുതി സംവിധാനം കേരളത്തിന് ദോഷകരമായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് കൂടുതൽ പ്രയോജനകരമാകുമെന്ന് കരുതിയ നികുതി സംവിധാനം കേരളത്തിന് ദോഷകരമായ സാഹചര്യം ചുവടെ ചേർക്കുന്നു.<br>1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല.<br>2. GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ജൂൺ 2019 വരെ ഫയൽ |

→ 2

| | | | |
|---|---|---|---|
| | | | ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാവുന്നതാണ്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നു.<br>3. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഇതിനുണ്ടായ കാലതാമസം മൂലം വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഇ-വേ ബില്ലിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തു നോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.<br>4. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു.<br>5. 2018 ഡിസംബർ 22 ന് നടന്ന 31-ആം ജി.എസ്.ടി. കൗൺസിൽ യോഗ തീരുമാന പ്രകാരം റവന്യൂവിനെ സംബന്ധിച്ച് പ്രധാന ചരക്ക് സേവനങ്ങളായ താഴെ പറയുന്ന പ്രധാന ഇനങ്ങളെ നികുതി നിരക്ക് കുറയ്ക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചു.<br>1. സിനിമാ ടിക്കറ്റുകൾ<br>2. ടെലിവിഷൻ<br>3. ഡിജിറ്റൽ ക്യാമറ, വീഡിയോ ക്യാമറ റിക്കോഡേഴ്സ്<br>4. വീഡിയോ ഗെയിം<br>5. ചരക്ക് വാഹനങ്ങളുടെ തേഡ്പാർട്ടി ഇൻഷ്വറൻസ് പ്രീമിയം<br>ഇവയുടെ നികുതി കുറവ് ജി.എസ്.ടി. വരുമാനത്തെ പ്രതികൂലമായി ബാധിക്കും. |

—> 3

| | | | |
|---|---|---|---|
| (ഡി) | ഇ-വേ ബിൽ ഇല്ലാതെ സാധനങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുയെന്ന് വിശദമാക്കാമോ? | (ഡി) | ഇ-വേ ബിൽ ഇല്ലാതെ സാധനങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിന് ഇന്റലിജൻസ് പരിശോധന ശക്തമാക്കുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് സംസ്ഥാന അതിർത്തികളിൽ വിന്യസിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**